**'ഭരണഭാഷ - മാതൃഭാഷ'**

# വ്യാവസായിക പരിശീലനവകുപ്പ്

**(കേരളസംസ്ഥാനം)**

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: ചന്ദ്രശേഖർ എസ് ഐ എ എസ്)

വിഷയം: - വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് - ട്രെയിനികൾക്ക് ഓൺലൈൻ പരിശീലനം നൽകുന്നത് - കണ്ടന്റ് തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നത് - സംബന്ധിച്ച്

**<u>ഉത്തരവ് നമ്പർ: DT/5315/2019-ITCELL തീയതി: 20/05/2020</u>**

കോവിഡ് - 19 വ്യാപനം മൂലം സംസ്ഥാനത്തെ മുഴുവൻ ഐ ടി ഐ കളിലെയും ട്രെയിനിംഗ് മുടങ്ങിയ സാഹചര്യമാണ് നിലനിൽക്കുന്നത്. ഓൺലൈൻ സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ട്രെയിനിംഗ് നൽകുന്നതിന് സർക്കാരിൽ നിന്നും നിർദേശം ലഭിച്ചിട്ടുണ്ട്. ടി വിഷയം വകുപ്പ് കൃത്യമായി പരിശോധിക്കുകയും വ്യത്യസ്തമായ മാർഗ്ഗങ്ങൾക്ക് പകരം ചിട്ടയായ രീതിയിൽ സംസ്ഥാന വ്യാപകമായി ഓൺലൈൻ പരിശീലനം ഏകോപിപ്പിക്കുന്നതിന് ഐ ടി സെൽ വഴി രൂപകൽപ്പന ചെയ്ത ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താമെന്നും തീരുമാനിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ഓരോ ട്രേഡിലെയും സിലബസ് പാഠഭാഗങ്ങളായി വിഭജിച്ച് അതിലെ കണ്ടന്റ് വിവിധ രൂപത്തിൽ (Information Sheet, Supporting Video, Objective Question & Answers, Presentations, Online Test, Assignments ) തയാറാക്കി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്ക് പ്രിൻസിപ്പാൾ/വൈസ് പ്രിൻസിപ്പാൾ പദവിയുള്ള ഉദ്യോഗസ്ഥരുടെയും ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരുടേയും ഇൻസ്ട്രക്ടർമാരുടെയും സേവനം ആവശ്യമാണെന്ന് കാണുന്നു. ആയതിനാൽ സിലബസ് പാഠഭാഗങ്ങളായി വിഭജിക്കൽ, Content തയ്യാറാക്കൽ എന്നിവ നിർവഹിക്കുന്നതിനായി ബന്ധപ്പെട്ട ട്രേഡുകളിലെ ഇൻസ്ട്രക്ടർമാരെയും ടീം ലീഡറായി ട്രേഡിൽ അവഗാഹമുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരെയും മേൽനോട്ടം വഹിക്കുന്നതിനായി പ്രിൻസിപ്പാൾ/വൈസ് പ്രിൻസിപ്പാൾ പദവിയുള്ള ഉദ്യോഗസ്ഥനെയും കൂടാതെ ഓരോ ജില്ലയിലെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് വെർച്ചൽ ഐ ടി കേഡർമാരെയും ഇതോടൊപ്പമുള്ള പട്ടിക (അനുബന്ധം I) പ്രകാരം ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഐ ടി സെല്ലിൽ നിന്നും തുടർന്ന് നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് ഇതുമായി

ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം: മേൽ പ്രകാരം

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവി മുഖാന്തിരം)
പകർപ്പ്: 1) JD(T), DD(T), DD(P), DSA, Inspector of Training
2) സ്റ്റോക്ക് ഫയൽ (ഐ ടി സെൽ)

//ഉത്തരവിൻ പ്രകാരം//

മാനേജർ, ഇ-ഗവേണൻസ്

# വെബ്സൈറ്റിലേക്ക് ആവശ്യമായ വിവരശേഖരണത്തിനുള്ള മാർഗ്ഗരേഖ

1. ടോപിക് ഇൻഡക്സ് തയ്യാറാക്കുന്നത് നിലവിൽ ലഭ്യമായ ഏറ്റവും പുതിയ സിലബസ് അനുസരിച്ചാണ് എന്ന http://www.cstaricalcutta.gov.in/sylleng.aspx/DGT വെബ്സൈറ്റ് സന്ദർശിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
2. സ്പ്ലിറ്റ് അപ് സിലബസ് തയ്യാറാക്കണം. അതിൻ പ്രകാരം ടോപിക് ഇൻഡക്സ് ക്രമപ്പെടുത്തേണ്ടതുണ്ട്. ടോപ്പിക്കുകളുടെ നമ്പർ, നിലവിൽ സിലബസ്സിൽ ഉള്ള മാതൃകയിൽ തന്നെ ആയിരിക്കണം. ഒരു ലസണിൽ ഒന്നിലധികം ടോപ്പിക്കുകൾ ഉണ്ടാകാം. അവയ്ക്കും നമ്പർ നൽകണം. ഇയർ, സെമസ്റ്റർ, മൊഡ്യൂൾ, പ്രൊഫഷണൽ നോളേജ്, ടോപിക് എന്ന ക്രമത്തിൽ. (ഉദാ: 1.2.3.60.2 = ഒന്നാം വർഷം, രണ്ടാം സെമസ്റ്റർ, മൂന്നാം മൊഡ്യൂൾ, അറുപതാം ലസൺ, രണ്ടാം ടോപിക്.)
3. പ്രസ്തുത ഇൻഡക്സിൽ, നിമി പ്രസിദ്ധീകരിച്ചിട്ടുള്ള തീയറി പുസ്തകങ്ങൾ ലഭ്യമായ ട്രേഡുകളിൽ അതുപ്രകാരം എല്ലാ ടോപിക്കുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
4. ഒന്നിലേറെ ട്രേഡുകളിൽ പൊതുവായി വരുന്ന ടോപിക്കുകളുടെ ആവർത്തനം ഒഴിവാക്കുന്നതിനായി എല്ലാ ടീം ലീഡർമാരും പരസ്പരം ആശയവിനിമയം നടത്തേണ്ടതും, കൂടുതൽ ഇൻസ്ട്രക്ടർമാർ ലഭ്യമായ ട്രേഡ് കൂടുതൽ ടോപിക്കുകൾ തയ്യാറാക്കുന്ന രീതിയിൽ ഡാറ്റ അപ്‌ലോഡിങ്ങ് ക്രമീകരിക്കേണ്ടതുമാണ്.
5. ലസൺ പ്ലാൻ,ഡെമോൺസ്ട്രേഷൻപ്ലാൻ, ഇൻഫോർമേഷൻ ഷീറ്റ് തുടങ്ങിയവ സൈറ്റിൽ ലഭ്യമായ ഫോർമാറ്റിൽ തന്നെ തയ്യാറാക്കേണ്ടതാണ്.
6. എല്ലാ രേഖകളും എം.എസ്. ഓഫീസിൽ ഉൾപെട്ട സോഫ്ട് വെയറുകളിൽ തയ്യാറാക്കിയവയും ഡൗൺലോഡ് ചെയ്യുന്ന ഇൻസ്ട്രക്ടർക്ക് എഡിറ്റ് ചെയ്യാവുന്നവയും ആയിരിക്കണം. അവയുടെ ഉടമസ്ഥാവകാശം വ്യാവസായിക പരിശീലന വകുപ്പിന് ആയിരിക്കുന്നതാണ്.
7. **PPT, PPTX, DOC, DOCX, XLS, XLSX** എന്നീ ഫോർമാറ്റുകളിലുള്ള ഡൊക്യുമെന്റുകളും, വീഡിയോകൾ, അനിമേഷനുകൾ എന്നിവയും അപ്‌ലോഡ് ചെയ്യാവുന്നതാണ്.
8. തയ്യാറാക്കുന്ന രേഖകൾ പരിശീലനാർത്ഥിക്ക് മനസിലാക്കാൻ കഴിയുന്ന വിധം ലളിതമായ ഭാഷയിലും വ്യാകരണപിശക് ഇല്ലാത്തവയുമാണെന്ന് ഉറപ്പുവരുത്തണം. സാങ്കേതിക പദങ്ങൾക്ക് ഭാഷാന്തരം വരുത്താതെ മലയാളത്തിലും പാഠഭാഗങ്ങൾ തയ്യാറാക്കാം. അവ ഇംഗ്ലീഷിൽ കൂടി നൽകുന്നത് ഉചിതമായിരിക്കും. ഇംഗ്ലീഷിൽ തയ്യാറാക്കുന്ന രേഖകൾ താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം. അക്ഷരം: റ്റൈംസ് ന്യൂ റോമൻ, പാഠഭാഗങ്ങൾ – 12 പോയിന്റ്, ചെറുതലക്കെട്ടുകൾ – 12 പോയിന്റ് (ഇറ്റാലിക്), ഉപ-തലക്കെട്ടുകൾ – 14 പോയിന്റ്, പ്രധാന തലക്കെട്ട് – 16 പോയിന്റ്,ലൈൻ സ്പേസിങ് 1.5.

9. നേരിട്ട് പകർത്തുന്ന പാഠഭാഗങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ, ചിത്രങ്ങൾ, animations, videos തുടങ്ങിയവയുടെ ശരിയായ ഉറവിടം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉദാ: Turner trade 4th semester trade theory text, NIMI publication; www.nptel.ac.in/mech/LM-29.pdf, etc.

10. നിമി പ്രസിദ്ധീകരിച്ചിട്ടുള്ള അസൈന്മെന്റ്/ടെസ്റ്റ് പുസ്തകങ്ങളിലും കൊസ്റ്റ്യൻ ബാങ്കിലും ഉൾപ്പെടുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. അവ ഉൾപ്പെടുത്തിയെന്ന് അപ്-ലോഡ് ചെയ്യുന്നതിന് മുൻപായി ഉറപ്പുവരുത്തേണ്ടതാണ്. ചോദ്യങ്ങളുടെ 30% ലെവൽ 1 (എളുപ്പമുള്ള) ചോദ്യങ്ങൾ, 60% ലെവൽ 2 (ഇൻഡയറക്റ്റ്) ചോദ്യങ്ങൾ, 10% ലെവൽ 3 (കണക്കാക്കി കണ്ടെത്തേണ്ടവ) ചോദ്യങ്ങൾ എന്നിങ്ങനെ ആയിരിക്കണം.

***<u>Complexity of different levels is defined below:</u>***

- **<u>LEVEL 1</u>:** Questions of this level are limited with **fact knowledge,** such as names, specification & construction of tools, equipments, instruments, supporting formulas, etc. These can be learned without requiring any understanding.

  - ***Sample action verbs*:** Part, name, type, definition, standard, symbol, unit, property, specification, material, safety, formula, limitation, range, classification, characteristic.

- **<u>LEVEL 2:</u>** Questions of this level are limited with **the ability to impart knowledge to perform a job in professional way**. Ability to transfer the knowledge, functional understanding of equipment and processes, proper working procedures, comparisons and differences are to be addressed in this level.

  - ***Sample action verbs*:** comparisons, differences, advantages, disadvantages, operations, methods, functions, calculations (simple), uses, relations, purposes, processes, procedure, applications, selection, benefit, sequence, setting, necessity, merit, demerit, preparations, techniques, results, rules, etc.

- **<u>LEVEL 3:</u>** Questions of this level are limited with **the complex assertions and diagnosis** of situation. Ability to read the drawings, fault finding, complex calculations, correlating different aspects, indirect interpretation, etc are to be addressed in this level.

  - ***Sample action verbs***: fault, causes, reason, remedy, designation, criteria, effect, happens, calculation (moderate and complex), interpret, assume measurement, etc.